# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD (16)/1003/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD (16)/1003/22 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 03-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 11-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 11-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി.രമാദേവി .കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഷബ്ബദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.മോഹനൻ.കെ.എ, ഓഡിറ്റർ

ശ്രീ.രാജൻ.കെ, ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മഹമ്മദ് ഷാഫി.പി.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.റോയ് തോമസ് | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.ശ്രീകുമാർ.ടി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2019 | 24-07-2019 |
| ശ്രീമതി.ദേവി പാർവ്വതി | സെക്രട്ടറി | 25-07-2019 | 26-07-2019 |
| ശ്രീ.തിലകൻ | സെക്രട്ടറി | 27-07-2019 | 08-08-2019 |
| ശ്രീമതി.സന്ധ്യ രാജൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-08-2019 | 03-12-2019 |
| ശ്രീമതി.സുനി.ബി.ടി | സെക്രട്ടറി | 04-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകുമാർ.ടി.എസ് | അസി.സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീമതി.സന്ധ്യ രാജൻ | അസി.സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീമതി.നീതു. ഗോപാലൻ | അസി.എൻജിനിയർ | 01-04-2019 | 12-04-2019 |
| ശ്രീമതി.ആയിഷബീ.കെ | അസി.എൻജിനിയർ | 13-04-2019 | 13-08-2019 |
| ശ്രീ.മുഹമ്മദ് ലുക്മാൻ | അസി.എൻജിനിയർ | 14-08-2019 | 02-09-2019 |
| ശ്രീ.സനകൻ .എസ് | അസി.എൻജിനിയർ | 03-09-2019 | 04-10-2019 |
| ശ്രീ.നിനാദ് .കെ.ആർ | അസി.എൻജിനിയർ | 05-10-2019 | 31-03-2020 |
| ശ്രീമതി.അപർണ്ണ.ടി.ജി | കൃഷി ഓഫീസർ | 01-04-2019 | 10-05-2019 |
| ശ്രീ.നിഖിൽ.കെ | കൃഷി ഓഫീസർ | 11-05-2019 | 31-03-2020 |
| ഡോ.അനിഷ് രാജ്.വി.എൻ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രമീള ശിവദാസ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 27-12-2019 |
| ശ്രീമതി.ഉഷ.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 28-12-2019 | 31-03-2020 |
| ഡോ.ഫെബിന മോൾ.കെ.പി | MO(PHC) | 01-04-2019 | 01-02-2020 |
| ഡോ.ടീന മരിയ ജോസ് | MO(PHC) | 02-02-2020 | 02-03-2020 |
| ഡോ.ഫസീല.പി | MO(PHC) | 03-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.രമ്യ.കെ.ആർ | MO (ISM ) | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രിയ പി.ബി | ഡി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.പവിഴകുമാരി.എൽ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷിജിത്ത്.എൻ | വി.ഇ.ഒ | 01-04-2019 | 04-12-2019 |
| ശ്രീ.മനോജ് .വൈ | വി.ഇ.ഒ | 05-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-1 |
| 2 | ബജറ്റ് -യഥാർത്ഥ്യബോദ്ധ്യമില്ലാത്തത്<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 14-04-2022) | 1-2 |
| 4 | വാർഷക കണക്ക് അപാകതകൾ<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 08-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 19-04-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം -2.25 കോടി ലാപ്സാക്കി<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-5 |
| 9 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമല്ല<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-5-1 |
| 10 | ക്ഷേമപ്പെൻഷൻ<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-6 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 23-04-2022) | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: T.K.Nasseer (Audit Officer, On 09-05-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-7-1 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 12-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 20-04-2022) | 1-9 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-10 |
| 16 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 19-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-11 |
| 17 | റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.<br>Written By: Mohanan K.A (Auditor, On 19-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-12 |

| | | |
|---|---|---|
| 18 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.<br>Written By: Mohanan K.A (Auditor, On 19-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-13 |
| 19 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-14 |
| 20 | KSEB യിലേക്ക് എസ് സി പി ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-14-1 |
| 21 | KWA യിലേയ്ക്ക് എസ് സി പി ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ്- വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-14-2 |
| 22 | തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിലേക്ക ഡപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-14-3 |
| 23 | ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 23-04-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 23-04-2022) | 1-15 |
| 24 | എ ബി സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-16 |
| 25 | സോളാർപാനലിലേക്ക് 3ഫേസ് ലൈൻ വലിക്കൽ-പദ്ധതി നടത്തിപ്പിൽ അപാകം<br>Written By: Ramadevi.K.R (Senior Grade Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 1-17 |
| 26 | അങ്കണവാടി പോഷകാഹാര പരിപാടി - ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 20-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-18 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 20-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-19 |
| 28 | എൽ.പി,യു.പി വിദ്യാർത്ഥികൾക്കുള്ള കുട്ടിക്കിണ്ണം വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ<br>Written By: K. Rajan (Auditor Trainee, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-20 |
| 29 | സ്കൂളുകൾക്ക് കുട്ടിക്കിണ്ണം വിതരണം- ബില്ലുകളിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 20-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-20-1 |
| 30 | സ്കൂളുകൾക്ക് കുട്ടിക്കിണ്ണം വിതരണം-അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-20-2 |
| 31 | ലൈഫ് ഭവന നിർമ്മാണം -വീട് പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 20-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-21 |

| | | |
|---|---|---|
| 32 | റോഡ് ടാറിങ് -ബാരൽ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-22 |
| 33 | MG(NR)ഫണ്ട് -സ്വകാര്യ ലൈബ്രറികൾക്ക് വേണ്ടി ചെലവഴിച്ചത് ക്രമ പ്രകാരമല്ല<br>Written By: T.K.Nasseer (Audit Officer, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-23 |
| 34 | മരാമത്ത്- പൂർത്തീകരണ കാലം ദീർഘിപ്പിച്ചത് ഫൈൻ ഇടാക്കാതെ<br>Written By: T.K.Nasseer (Audit Officer, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-24 |
| 35 | മരാമത്ത് -അവലോകനം<br>Written By: T.K.Nasseer (Audit Officer, On 21-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിങ് പ്രവർത്തികൾ -ബാരൽ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 25-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 25-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 01-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 20-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 23-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Mohanan K.A (Auditor, On 05-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 20-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Mohanan K.A (Auditor, On 05-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 21-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 09-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 25-04-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23.2.2019 തീയതിയിലെ (1):ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പുതുക്കിയിട്ടില്ല.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 18867373 |
| പ്രതീക്ഷിത തൻവർഷം വരവ് | 196003422 |
| ആകെ വരവ് | 214870795 |
| പ്രതീക്ഷിത ചെലവ് | 200763548 |
| നീക്കിയിരിപ്പ് | 14107247 |

## 1-1-1 ബജറ്റ് -യഥാർത്ഥ്യബോധ്യമില്ലാത്തത്

| ഇനം | വാർഷിക കണക്ക് | ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 27590507 | 18867373 |
| വരവ് | 60433058 | 196003422 |
| ആകെ | 88023565 | 214870795 |
| ചെലവ് | 56436640 | 200763548 |
| നീക്കിയിരിപ്പ് | 31586925 | 14107247 |

യാഥാർത്ഥ്യ ബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 23-05-2020 | - | - |

## 1-2-1 വാർഷക കണക്ക് അപാകതകൾ

1.വാടക -ഡിമാന്റ് , കളക്ഷൻ , ബാലൻസ് വാർഷിക കണക്കിലെ തുകകയും രജിസ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

2. വസ്തു നികുതി DCBയുടെ സംക്ഷിപ്തം പരിശോധനയ്ക്ക് ലഭ്യമായില്ല.

3. ജനറൽ പർപ്പസ് ഗ്രാന്റ് ചെലവ് ACR ലേതുമായി പൊരുത്തപ്പെടുന്നില്ല.

4.ജോയിന്റ് വെഞ്ചർ പ്രോജക്റ്റുകൾക്കായി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5.അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ സംക്ഷിപ്തം മാത്രമാണ് എഴുതിയിട്ടുള്ളത് .
വിവിധ ഹെഡുകളിലുള്ള മുന്നിരിപ്പ്, നല്കിയ തുക, ക്രമീകരിച്ച തുക എന്നിവ സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഹെഡിലും മുന്നിരിപ്പ്, ലഭിച്ച തുക ,റീഫണ്ട് തുക എന്നിവയില്ലാതെ

നീക്കിയിരിപ്പ് വിവരങ്ങൾ മാത്രമാണ് സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ളത്.

7. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല .

8. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1000000 രൂപ നീക്കിയിരിപ്പുണ്ട്. ടി തുക ഏത് പദ്ധതിയ്ക്കായി, ഏത് വർഷത്തിൽ ലഭിച്ച തുകയാണ് എന്നതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

9. MGNREGS അഡ്മിൻ വരവ് -ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അനുബന്ധ രേഖകൾകാലികമാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27590507 |
| വരവ് | 60433058 |
| ആകെ | 88023565 |
| ചെലവ് | 56436640 |
| നീക്കിയിരിപ്പ് | 31586925 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ(ജനറൽ) | 0 | 14209806 | 14209806 | 11412378 | 2797428 | 80% |
| പ്ലാൻ (SCP) | 0 | 9459294 | 9459294 | 5431980 | 4027314 | 57% |
| CFC (BASIC ) | 0 | 11751897 | 11751897 | 3512030 | 8239867 | 30% |
| റോഡ് (MG) | 0 | 10961000 | 10961000 | 6257423 | 4703577 | 57% |
| റോഡിതരം(MG) | 0 | 4549000 | 4549000 | 1729831 | 2819169 | 38 |

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സംയോജിത ശിശു വികസന പദ്ധതി | 2030460 | 725382 | 2755842 | 921050 | 1834792 |
| | TSC | 861825 | 0 | 861825 | -- | 861825 |

സംസ്ഥാനാവിഷ്കൃതം

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1000000 | 2563000 | 3563000 | 3563000 | 0 |
| | ജില്ലാ പഞ്ചായത്ത് | 34018 | 562881 | 596899 | 596899 | 0 |
| ബിശുചിത്വമിഷൻ | | 0<br>0 | 1564000 | 1564000 | 0 | 1564000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 12937056 | 12937056 | 4776765 | 8160291 |

## 1-4-1 ഫണ്ട് വിനിയോഗം -2.25 കോടി ലാപ്സാക്കി

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|

| ഇനം | | | | | | |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 14209806 | 14209806 | 11412378 | 2797428 | 80% |
| പ്ലാൻ (SCP) | 0 | 9459294 | 9459294 | 5431980 | 4027314 | 57% |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 | |
| CFC (BASIC | 0 | 11751897 | 11751897 | 3512030 | 8239867 | 30% |
| CFC (TIED) | 0 | 0 | 0 | 0 | 0 | |
| റോഡ് (MG) | 0 | 10961000 | 10961000 | 6257423 | 4703577 | 57% |
| റോഡിതരം (MG) | 0 | 4549000 | 4549000 | 1729831 | 2819169 | 38% |
| ആകെ | 0 | 50930997 | 50930997 | 28343642 | 22587355 | 56% |

തൻ വർഷം ലഭ്യമാക്കിയ 5.09 കോടി സർക്കാർ ഗ്രാന്റിൽ 2.83കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് 2.25.കോടി രൂപ ലാപ്സായി .മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 106113041 | 147 | 44091298 | 169 | 0 | 42 |

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമല്ല

| നിർവ്വഹണോദ്യോ ഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 0 | 6444368 | 2520357 | 39% |
| വെറ്റിനറി സർജ്ജൻ | 2 | 2 | 0 | 3498000 | 1523000 | 44% |
| MO (PHC) | 4 | 4 | 0 | 2179160 | 1421473 | 65% |
| MO (AYUR) | 3 | 3 | 0 | 1300000 | 1248000 | 96% |
| VEO | 10 | 8 | 2 | 29775825 | 13719416 | 46% |
| ICDS | 5 | 3 | 2 | 5534701 | 4669464 | 84% |
| DEO | 1 | 1 | 0 | 600000 | 400000 | 80% |
| സെക്രട്ടറി | 43 | 25 | 18 | 10186358 | 4255818 | 42% |
| അസി.എൻജി. | 224 | 84 | 140 | 39651434 | 11756510 | 30% |
| ഹെഡ് മാസ്റ്റർ | 3 | 3 | 0 | 380002 | 351777 | 92% |
| അസി.സെക്രട്ടറി | 15 | 8 | 7 | 6563193 | 2225483 | 34% |
| ആകെ | 316 | 147 | 169 | 106113041 | 44091298 | 42% |

ആകെ തയ്യാറാക്കിയ 10.61 കോടിയുടെ അടങ്കലിൽ 4.4 കോടി മാത്രമാണ്. ചെലവഴിക്കപ്പെട്ടിട്ടുള്ളത് .(ചെലവ് ശതമാനം 42%).മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 ക്ഷേമപ്പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1967400 | 314 |
| 2 | വിധവാ പെൻഷൻ | 7902000 | 1292 |
| 3 | വാർദ്ധക്യകാല പെൻഷൻ | 15768000 | 2545 |
| 4 | വികലാംഗ പെൻഷൻ | 3324000 | 576 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 549000 | 92 |
| 6 | തൊഴിലില്ലായ്മ വേതനം | 26880 | 24 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 343362 | 1365038 | 1708400 | 1478711 | 229689 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11076000 | 11076000 | 11076000 | 0 |
| ആകെ | 343363 | 12441038 | 12784401 | 12554711 | 229689 |

## 1-7-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

| ക്രമനം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4653 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4653 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 108 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 17400000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 97 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 90 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 24 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 12784401 |
| 9 | തൻവർഷത്തെ ചെലവ് | 12554711 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 881 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 790 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 37 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 16 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | 6 |

| ക്രമനം. | വിശദാംശം | |
|---|---|---|
| | (ആസ്തി, വിവരം) | |

19-20 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 16പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 9 |
| കോഴിക്കൂട് | 1 |
| ആട്ടിൻകൂട് | 1 |
| തൊഴുത്ത് | 4 |
| കയർ ഭൂവസ്ത്രം | 1 |
| കിണർ റിച്ചാർജ്ജ് | 0 |
| ആകെ ചെലവ് | 1844131 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-04-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 160/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-02-2022 മുതൽ 08-02-2022 വരെ | 01-01-2022 മുതൽ 31-01-2022 വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-04-2010 മുതൽ 17-04-2010 വരെ | 2005-06 മുതൽ 2009-10 വരെ | 21-05-2010 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതും ക്യാഷ് ബുക്ക് പ്രിന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന്

കാരണം. കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ആസ്തി സംരക്ഷണ ഗ്രാന്റുകൾ സമയ ബന്ധിതമായി ചെലവഴിക്കപ്പെടാത്തതിനാൽ വലിയ തുക ലാപ്സായിട്ടുണ്ട്.സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തുടർനടപടി സംബന്ധിച്ച് മോണിട്ടറിങ് കാര്യക്ഷമമല്ല (ഉദാ-പഞ്ചായത്ത് ഓഫീസിലെ സോളാർ പദ്ധതി,പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് )മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്ന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | യൂസഫ്.എ.എം. |
| 2 | രവീന്ദ്രൻ.എം. |
| 3 | അലി.എം. |
| 4 | മുഹമ്മദ് റഫീക്ക്. വി.എം. |
| 5 | അബ്ദുൾ അസീസ് |
| 6 | ഹാജാ ഹുസൈൻ |
| 7 | കെ.ബഷീർ |
| 8 | മുഹമ്മദ് ഷെഫീക്ക്.വി.എം. |
| 9 | ജിനേഷ് |
| 10 | മുഹമ്മദ് അലി.പി. |
| 11 | അജിത്ത് പ്രസാദ് |
| 12 | മൻസൂർ. പി.എം. |
| 13 | അബ്ദുൾ ലത്തീഫ് |

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഗവ: ജി.എച്ച്.എസ്. മാരായമംഗലം | രണ്ടാം അർദ്ധവർഷം |
| 2 | നെല്ലായ പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 3 | അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് ക്രെഡിറ്റ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 4 | പോസ്റ്റ് ഓഫീസ് മാരായമംഗലം സൗത്ത് | രണ്ടാം അർദ്ധവർഷം |
| 5 | പോസ്റ്റ് ഓഫീസ് ഇരുമ്പുളാശ്ശേരി | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | MTI സെൻട്രൽ സ്കൂൾ, പട്ടൻച്ചിറ | രണ്ടാം അർദ്ധവർഷം |
| 7 | സിറ്റി സ്മൈൽസ് ഡെന്റൽ കെയർ | രണ്ടാം അർദ്ധവർഷം |
| 8 | കെ.എസ്.എൽ. എം.എ. PRERAK | രണ്ടാം അർദ്ധവർഷം |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/07-04-2022) നൽകിയ മറുപടി : (എ) അംഗീകൃത കരാറുകാർ വിവിധ പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയതായി പറയുന്നുണ്ട്. (ബി) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണ് . തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-2020വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം അവക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 14/19-20/12-04-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം

4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ നെല്ലായ ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. നെല്ലായ ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിക്കാത്തത് ഗൗരവമായി കാണേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/13-04-2022) നൽകിയ മറുപടിയിൽ വസ്തു നികുതി നിരക്ക് നിശ്ചയിക്കാത്ത ഉപയോഗക്രമങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും, തുടർന്ന് പഞ്ചായത്ത് ഭരണസമിതിയിലും ഉൾപ്പെടുത്തുന്നതിനായി അജണ്ട തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും, കമ്മിറ്റി തീരുമാനം ലഭിക്കുന്ന മുറക്ക് നിരക്ക് നിശ്ചയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ വിവരം ലഭ്യമാക്കണം

ഓഡിറ്റ് വർഷത്തിൽ കെ. എസ്. ഇ.ബി , കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

മേൽ പ്രവൃത്തികൾ നടത്തുന്നതിനായി കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി എന്നീ

സ്ഥാപനങ്ങളിലേക്ക് നല്കിയ തുകകളുടെ വിനിയോഗ വിവരം , പദ്ധതികളുടെ നിലവിലെ സ്ഥിതി , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്. തുക കൈമാറുന്നതിനു മുമ്പായി എജൻസിയുമായി കരാറിലേർപ്പെടാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല(20/13.4.2022)

ഓഡിറ്റ് നിർദ്ദേശം

മേൽ സൂചിപ്പിച്ച പ്രവർത്തകളുടെ പൂർത്തീകരണം വിവരം,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്.

ചെലവിൻറ വിശദവിവരങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

1-14-1 KSEB യിലേക്ക് എസ് സി പി ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിര്വഹണ ഏജൻസി/ സെക്ഷൻ |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 326/20-വാലിപ്പറമ്പ് പനങ്കുറ്റി എസ്.സി കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1.20/30-10-19 | 1.116749 (SCP) | പേങ്ങാട്ടിരി സെക്ഷൻ |
| | 327/20-നായരുപറസ്ട്രീറ്റ്മ്പ് കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ഇടവഴിയിലെ പോസ്റ്റ് മാറ്റലും. | 19/30-10-19 | 25584 (SCP) | പേങ്ങാട്ടിരി സെക്ഷൻ |

1-14-2 KWA യിലേയ്ക്ക് എസ് സി പി ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ്- വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/ സെക്ഷൻ | റിമാർക്ക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 164/20-കുടിവെള്ളപ്പൈപ്പ് ലൈൻ (വാർഡ് 5,8,11,16) | 1.25/3.1.2020 2. 33/6.2.2020 | 175000 (SCP) | KWA ,PH ഡിവിഷൻ , പട്ടാമ്പി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 194/20, അമ്പലപറമ്പിൽ കോളനി പ്രദേശത്ത് കുടിവെള്ളം -വാർഡ് 15 | 37/18.3.20 | 50000 (SCP) | KWA ,PH ഡിവിഷൻ, ഷൊർണ്ണൂർ | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 331/20 പൊമ്പിലായ എസ്. സി. കോളനി കുടിവെള്ളപദ്ധതി ഡെപ്പോസിറ്റ് | 26/13.1.2020 | 250000 (SCP) | KWA ,PH ഡിവിഷൻ,പട്ടാമ്പി | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

1-14-3 തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിലേക്ക ഡപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 193/20- പട്ടിണിപ്പാറ കുന്നശ്ശേരി കുടിവെള്ളം | 5186118/ 12.3.2020 | 100000(തനത് ഫണ്ട) | KWA, PH ഡിവിഷൻ ഷൊർണ്ണൂർ | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 316/20 സമഗ്ര കുടിവെള്ള പദ്ധതി | 3.1.2020 | 50000(തനത് ഫണ്ട്) | KWA | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

1-15 ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായിട്ടുള്ള ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

1-16 എ ബി സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | -30/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – സെക്രട്ടറി |
| അടങ്കൽ | -350000(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | -350000 (ബിൽ നം 17/19-20/30.10.2019) |

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യം കരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിൻറെ വിവരങ്ങളും

വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-17 സോളാർപാനലിലേക്ക് 3ഫേസ് ലൈൻ വലിക്കൽ-പദ്ധതി നടത്തിപ്പിൽ അപാകം

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 334/20- സോളാർപാനലിലേക്ക് 3ഫേസ് ലൈൻ വലിക്കൽ | അടങ്കൽ/ഫണ്ടിനം | 81500(തനത് ) |
| ചെലവ് | 80500 | | |
| നിർവ്വഹണം | സെക്രട്ടറി | 80500(Techbery Agencies ന് 9.3.2020 ന് അനുവദിച്ചത്) | |

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനും , സ്ഥാപിച്ച സോളാർ നിന്നുള്ള വൈദ്യുതി ഉപയോഗപ്രദമാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ സോളാർ പാനലിനായി ഗ്രാമപഞ്ചായത്തിലേക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിണ് നടപ്പാക്കിയിട്ടുള്ളത്.
പഞ്ചായത്ത് ഭരണസമിതിയുടെ 13.3.2020 ലെ 2/1 നമ്പർ തീരുമാനം-"പഞ്ചായത്തോഫീസിലെ സോളാർ പാനൽ സ്ഥാപിക്കൽ പൂർത്തീകരിക്കുകയും 3ഫേസ് ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. KSEB അസി. എഞ്ചിനിയറുടെ 6.11.2020ലെ DB/2020-21/AE/PGT/21 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിന്റെ കൺസ്യൂമർ നം 519, 523 KSEB ഗ്രിഡുമായി 18.9.2020 ന് കണക്ട് ചെയ്തതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.പദ്ധതിയുടെ ഫലപ്രാപ്തി ഓഡിറ്റിൽ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ

പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സാധൂകരിക്കുന്നതിനുള്ള രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

1. ത്രീഫേസ് ലൈൻ വലിക്കുന്നതിനുള്ള തുക കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്യാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ ചെലവ് തുക അനുവദിച്ചിരിക്കുന്നത് Techbery Agencies എന്ന സ്ഥാപനത്തിനാണ്. പദ്ധതിയുടെ നിർവഹണ രീതിയിൽ മാറ്റം വരുത്തി പ്രോജക്ട് പുതുക്കിയതിനോ, നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ പദ്ധതി നടത്തിപ്പിന്റെ രീതി മാറ്റുന്നതിന് ആവശ്യപ്പെട്ടതായും രേഖകളില്ല.

2.പദ്ധതി നടപ്പാക്കിയ സ്ഥാപനത്തെ തെരഞ്ഞെടുക്കാൻ ആസ്പദമായ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽതന്നെ പഞ്ചായത്തധികൃതർ ഇവർ നടപ്പാക്കിയ പ്രവൃത്തിയുടെ നിരക്ക് നിശ്ചയിച്ചതിലും ആധികാരകത ഉറപ്പാക്കിയിട്ടില്ല എന്ന് വിലയിരുത്തുന്നു.

3. ഓഡിറ്റിന് എഗ്രിമെന്റ് ലഭ്യമായില്ല.ആയതിനാൽ Techbery Agencies -ുമായി കരാർ ചമച്ചിട്ടാണോ പദ്ധതി നടപ്പാക്കിയത് എന്നും വ്യക്തമല്ല.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയക്ക് മറുപടി ലഭിച്ചില്ല. (20/16.4.22)

ഓഡിറ്റ് നിർദേശം

പദ്ധതി രൂപീകരണം, നടത്തിപ്പ് എന്നീ ഘട്ടങ്ങളിൽ മാർഗരേഖയിലെ നിർദേശാനുസരണം പദ്ധതി നടപ്പാക്കുന്ന എന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും, മോണിറ്ററിങ്ങ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-18 അങ്കണവാടി പോഷകാഹാര പരിപാടി - ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2019-20 സാമ്പത്തിക വർഷം അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പേരിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16/20 | അങ്കണവാടി അനുപൂരക പോഷകാഹാര | 3200000 ( 2000000 - വികസന | 2921050 (2000000 - വികസന |

| | | | | |
|---|---|---|---|---|
| | | പരിപാടി | ഫണ്ട് , 1200000- കേന്ദ്രാവിഷ്കൃത ഫണ്ട്) | ഫണ്ട് , 921050- കേന്ദ്രാവിഷ്കൃത ഫണ്ട്) |

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമൃതം ഫുഡ്സ്, വല്ലപ്പുഴ, പാലക്കാട് എന്ന കുടുംബശ്രീ യൂണിറ്റിന് വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെയുള്ള തുക) | ബിൽ നം. / തീയതി |
|---|---|---|---|
| 1. | 1/ 12-04-19 | 79625 | 1/ 19-09-19 |
| | 3/ 12-04-19 | 5320 | |
| | 4/ 12-04-19 | 56073 | |
| | 5/12-04-19 | 25926 | |
| | 15/10-05-19 | 70210 | |
| | 18/ 10-05-19 | 25230 | |
| | 27/11-06-19 | 75950 | |
| | 28/11-06-19 | 4900 | |
| | 30/11-06-19 | 25230 | |
| | 49/11-07-19 | 70770 | |
| | 50/ 11-07-19 | 4620 | |
| | 66/ 09-08-19 | 85995 | |
| | 67/ 09-08-19 | 24012 | |
| 2 | 91/ 16-09-19 | 4620 | 03/ 23-11-19 |
| | 88/16-09-19 | 76440 | |
| | 95/10-10-19 | 89180 | |
| | 96/10-10-19 | 4970 | |
| 3 | 89/18-11-19 | 5390 | കേന്ദ്രാവിഷ്കൃത ഫണ്ട് ചെക്ക് നം. 531041/ 06-02-20 |
| | 100/12-12-19 | 5740 | |
| | 114/16-01-20 | 5600 | |
| 4 | 87/18-11-19 | 81060 | 5/06-02-20 |
| | 99/12-12-19 | 96597 | |
| | 113/16-01-20 | 81060 | |
| 5 | 137/16-03-20 | 94570 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 140/16-03-20 | 6230 | |
| | 128/13-02-20 | 6230 | |
| | 127/13-02-20 | 81060 | |
| ആകെ | | 1192608 രൂപ | |

അക്കൗണ്ട് നമ്പർ- 15320200000961

GST IN- 32AAXFA4891J1ZW

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ന്യൂട്രിമിക്സ് വാങ്ങുന്ന യൂണിറ്റുമായി കരാറിൽ ഏർപ്പെടാത്തതിനാലാണ് ജി.എസ്.ടി ടി.ഡി.എസ് ചെയ്യാതിരുന്നതെന്നും നിലവിൽ യൂണിറ്റിന്റെ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്തിട്ടാണ് തുക അനുവദിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ അനുവദിച്ച മുഴുവൻ തുകയ്ക്കും ആനുപാതികമായ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന്

തെളിയിക്കുന്ന രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്യേണ്ടതാണ്.

## 1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകേണ്ടതാണ്

ക്ഷീരകർഷകർക്ക് പാലുത്പാദനത്തിനുള്ള സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടാണ് ' ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി' എന്ന പ്രോജക്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അടങ്കൽ, ഫണ്ടിനം | 600000 ( 300000- തനത് ഫണ്ട് + 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 200000- ജില്ലാ പഞ്ചായത്ത് വിഹിതം ) |
| പ്രോജക്ട് നം. | 44/20 | ചെലവ് | 400000 (300000- തനത് ഫണ്ട് + 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് | ചെക്ക് നമ്പർ | 5186105 /07.03.20 – 270489 രൂപ |

| | | | |
|---|---|---|---|
| | സബ്സിഡി | | 5186106 /07.03.20 – 8283 രൂപ<br>5186107 /07.03.20 – 21228 രൂപ<br>5021821/20-03-20- 100000 രൂപ |

ക്ഷീരവികസന വകുപ്പ് മുഖേന നൽകുന്ന ഒരു രൂപ ഉൾപ്പെടെ ത്രിതല പഞ്ചായത്തുകളുടെ വിഹിതവുമടക്കം പരമാവധി ലിറ്ററിന് 4 രൂപ ധനസഹായം നല്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഒരു ക്ഷീരകർഷകന് നൽകാവുന്ന പരമാവധി ധനസഹായം 40000 രൂപയാണ്.

ഗ്രാമപഞ്ചായത്തിലെ 3 ക്ഷീര സഹകരണ സംഘങ്ങളിലായി 108 കർഷകർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

ബീവിപ്പടി ക്ഷീര സഹകരണ സംഘം - 75 പേർ

കാറൽമണ്ണ ക്ഷീര സഹകരണ സംഘം - 14 പേർ

ചെർപ്പുളശ്ശേരി ക്ഷീര സഹകരണ സംഘം - 19 പേർ

രേഖകൾ പരിശോധിച്ചതിൽ 2019 ഏപ്രിൽ മുതൽ 2019 ഒക്ടോബർ വരെയുള്ള സബ്സിഡിയാണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായ 100000 രൂപയുടെ അലോട്ട്മെന്റ് ട്രഷറിയിൽ നിന്നും മാറുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് വെർച്വൽ ഡി.ഡി.ഒ കോഡ് ലഭ്യമാകേണ്ടതുണ്ടെന്നും ആയത് അടിയന്തിരമായി അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ക്ഷീര വികസന ഓഫീസർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നമ്പർ 65/2020 തി. 11-03-2020 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നടപടികൾ യഥാസമയം പൂർത്തികരിക്കാത്തതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ സാഹചര്യത്തിൽ ക്ഷീര കർഷകർക്ക് 2019നവംബർ മുതൽ 2020 മാർച്ച് വരെയുള്ള സബ്സിഡി നൽകിയിട്ടില്ല.

ഈ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ( നം. 21/16-04-22) വെർച്വൽ ഡി.ഡി.ഒ കോഡ് ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാലാണ് ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വരും വർഷങ്ങളിൽ ക്ഷീരകർഷകർക്ക് മുഴുവൻ മാസങ്ങളിലെയും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ മതിയായ ഫണ്ട് വകയിരുത്തേണ്ടതും പ്രോജക്ട് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ,ഡയറി ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്ന് പ്രൊജക്ടിൽ വകയിരുത്തിയ തുക ലഭ്യമാക്കുന്നതിന്ന് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും പൂർണ്ണ തോതിലുള്ള ആനുകൂലിയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുമെന്നതിന്ന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതുമാണ്.

1-20 എൽ.പി,യു.പി വിദ്യാർത്ഥികൾക്കുള്ള കുട്ടിക്കിണ്ണം വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് കുട്ടിക്കിണ്ണം വിതരണം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 332/20- എൽ.പി., യു.പി. വിദ്യാർത്ഥികൾക്ക് |

| | |
|---|---|
| | കുട്ടിക്കിണ്ണം വിതരണം |
| നിർവഹണം | ഹെഡ് മാസ്റ്റർ, ഗവ,ഹൈസ്കൂൾ, മരിയമംഗലം |
| അടങ്കൽ | 270000/- തനത് ഫണ്ട് |
| ചെലവ് | 266733/- |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ചേർക്കുന്നു.

1-20-1 സ്കൂളുകൾക്ക് കുട്ടിക്കിണ്ണം വിതരണം- ബില്ലുകളിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയിട്ടുള്ള പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ എൽ.പി., യു.പി. വിദ്യാർത്ഥികൾക്കുള്ള കുട്ടിക്കിണ്ണം വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ അലങ്കാർ മെറ്റൽസ്, മാർക്കറ്റ് റോഡ്, പാലക്കാട് (GSTIN/UIN-32AADFA8582A1ZV) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ തിയതി | ഇൻവോയ്സ് നം/തിയതി | ഇനം | തുക |
|---|---|---|---|
| 502179/ 5.2.2020 | GST R/2024/ 24.1.2020 | 3334 എണ്ണം കുട്ടിക്കിണ്ണം(S.S.Plate) @ 70.80 | 266733/- |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/13.4.2022) നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ അനുവദിച്ച മുഴുവൻ തുകയും ആനുപാതികമായ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന്

തെളിയിക്കുന്ന രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്യേണ്ടതാണ്.

1-20-2 സ്കൂളുകൾക്ക് കുട്ടിക്കിണ്ണം വിതരണം-അപാകതകൾ

(ബി) എൽ.പി. യു.പി വിദ്യാർത്ഥികൾക്കുള്ള കുട്ടിക്കിണ്ണം സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

(സി) നിർവഹണ ഉദ്യോഗസ്ഥനും ടെണ്ടർ ഏറ്റെടുത്ത അലങ്കാർ മെറ്റൽസ്, മാർക്കറ്റ് റോഡ്, പാലക്കാട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. (200 രൂപ മുദ്രപത്രം)

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/13.4.22) മറുപടി ലഭ്യമായിട്ടില്ല.

1-21 ലൈഫ് ഭവന നിർമ്മാണം -വീട് പണി പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ലൈഫ് പദ്ധതിയിലെ എഗ്രിമെന്റ് അനുസരിച്ച് ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റി ആറു മാസത്തിനകം വീട് പണി പൂർത്തിയാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(എ)

| | |
|---|---|
| പ്രൊജക്റ്റ് നം | 21/19-20 ലൈഫ് ഭവന പദ്ധതി - ജനറൽ |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-2000000/-<br>സംസ്ഥാന വിഹിതം-4000000/-<br>ബ്ലോക്ക് വിഹിതം -3000000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-6000000/-<br>മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്/2760000/-<br>ആകെ 18000000/- |
| ചെലവ് | 8094416/- |
| നിർവഹണം | വി.ഇ.ഒ. |

(ബി)

| | |
|---|---|
| പ്രൊജക്റ്റ് നം | 22/19-20 ലൈഫ് ഭവന പദ്ധതി - എസ്.സി. |
| അടങ്കൽ | വികസന ഫണ്ട് എസ്.സി.പി-600000/-<br>ബ്ലോക്ക് വിഹിതം -3000000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-1000000/-<br>ആകെ - 4600000/- |
| ചെലവ് | 2000000/- |
| നിർവഹണം | വി.ഇ.ഒ. |

മേൽ പദ്ധതികളിലെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യ ഗഡു അനുവദിച്ച തിയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | മുഹമ്മദ്ബഷീർ, കീഴാടപള്ളിൽ, നെല്ലായ | 9.10.19 | 360000/- | 40000/- |
| 2 | വിനോദ്, കുന്നശ്ശേരി പറമ്പിൽ നെല്ലായ | 21.12.19 | 300000/- | 100000/- |
| 3 | വസന്ത, മണ്ണിങ്ങൽതൊടി, നെല്ലായ | 26.2.20 | 300000/- | 100000/- |

| | | | | |
|---|---|---|---|---|
| 4 | മുനഹമ്മദലി, കോരംചിറ നെല്ലായ | 20.3.20 | 347622/- | 52378/- |
| 5 | ഷീബാ കൃഷ്ണദാസ്, വലിയതൊടി നെല്ലായ | 26.2.20 | 250000/- | 150000/- |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കേണ്ടതാണ്. സ. ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തിയതിന്റെ രേഖകൾ ഉണ്ടെങ്കിൽ അവ ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽവിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18.4.2022) ക്രമ നം.1,3,4,5 എന്നിവർ 2020-21 സാമ്പത്തിക വർഷത്തിൽ വീട് പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ക്രമ നം. 2 ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തി അവശേഷിക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 റോഡ് ടാറിങ് -ബാരൽ വില ബില്ലിൽ കുറവ് ചെയ്യിട്ടില്ല

അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്യിട്ടില്ല.പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല.
വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പടെ @272/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത് )

പഞ്ചായത്തിനുണ്ടായ നഷ്ടം 24208/- (19851 +4357 GST )ബന്ധപ്പെട്ട കോൺട്രാക്ടർ മാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ്.(ഓഡിറ്റ് എൻക്വയറി നം:5/19-20/7.4.22) വിശദ വിവരത്തിന് ഖണ്ഡിക 3(1) കാണുക

## 1-23 MG(NR)ഫണ്ട് -സ്വകാര്യ ലൈബ്രറികൾക്ക് വേണ്ടി ചെലവഴിച്ചത് ക്രമ പ്രകാരമല്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 246/20-വായനശാല അറ്റകുറ്റപ്പണി | അടങ്കൽ/ഫണ്ടിനം | 300000 (MGNR) |
| ചെലവ് | 273508 | ബിൽനം/തീ: | 19/19-20 /9.5.19 |
| നിർവ്വഹണം | അസി.എൻജിനിയർ | കോൺട്രാക്ടർ | രാജേഷ് (0.1% Below) |
| എംബുക്ക് | 57/18-19 | എഗ്രിമെന്റ് നം: | 107/AE |

| | | | |
|---|---|---|---|
| | | | /NLY/LSGD /7.3.19 |

(കൈരളി വായനശാല,നെല്ലായ വായനശാല എന്നിവയുടെ അറ്റകുറ്റപ്പണി )

കൈരളി വായന ശാല,നെല്ലായ വായനശാല എന്നിവ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആസ്തിയാണെന്ന രേഖ ഹാജക്കിയിട്ടില്ല.(ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള രേഖകൾ)

മേൽ പ്രവർത്തിയിൽ APPENDIX -B യിൽ (ആയി ഐറ്റം നം.(1)ആയി) മരം, ഓട് എന്നിവ പൊളിച്ചുമാറ്റിയതിൽ ഓട് വീണ്ടും ഉപയോഗപ്പെടുത്തിയെങ്കിലും (ചെലവ് 17058 രൂപ )പൊളിച്ചുമാറ്റിയ മരം സ്റ്റോക്കിലെടുത്ത് ലേലം ചെയ്ത വിവരം ലഭ്യമല്ല ആയത് ലഭ്യമാക്കിയിട്ടില്ല .ആസ്തി വിവരം ,വിശദീകരണം എന്നിവ ലഭ്യമാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് എൻക്വയറി 6/19-20/8.4.22

1-24 മരാമത്ത്- പൂർത്തീകരണ കാലം ദീർഘിപ്പിച്ചത് ഫൈൻ ഇടാക്കാതെ

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 296/20-റഹ്മത്ത് അങ്ങാടി റോഡ് | അടങ്കൽ/ഫണ്ടിനം | 350000 (MGR) |
| ചെലവ് | 341177/- | ബിൽനം/തീ: | 50/19-20/29.11.19 |
| നിർവ്വഹണം | അസി.എൻജിനിയർ | കോൺട്രാക്ടർ | മുഹമ്മദ് റഫീക്ക് (0.5% Below) |
| എംബുക്ക് | 69/18-19 (PAC-337397 ) | എഗ്രിമെന്റ് നം: | 44/AE/NLY /LSGD/15.10.2018 |

പൂർത്തീകരക്കേണ്ടതീയ്യതി -15.4.2019 (6 മാസം )
പൂർത്തീകരിച്ച തീയ്യതി -17.7.2019 (അവസാന ചെക്ക്മെഷർ )

ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ

നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ, നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ, പഞ്ചായത്ത് തീരുമാനം, ഫൈൻ ഈടാക്കിയ വിവരം എന്നിവ) തുക കോൺട്രാക്ടറിൽ നിന്ന് 10121 /-രൂപ (PAC 337393 X3%) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 മരാമത്ത് -അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ സാമ്പത്തിക വർഷത്തെ പദ്ധതികളിൽ 224 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 84 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 45 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 39 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹39651434 വകയിരുത്തിയതിൽ ₹11756510 ആണ് ചെലവഴിച്ചിട്ടുള്ളത്. 30% ആണ് തൻവർഷത്തെ ആകെ ചെലവ്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1052000 | 0 | 1052000 |
| പൊതുവിഭാഗം(എസ്.സി.പി) | 2167100 | 364110 | 1802990 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12324900 | 3347030 | 8977870 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1455000 | 0 | 145500 |
| തനതു ഫണ്ട് | 5913900 | 1514439 | 4399461 |
| മെയി.ഫണ്ട്(റോഡ്) | 13083534 | 6257423 | 6826111 |
| മെയി.ഫണ്ട്(നോൺറോഡ്) | 3655000 | 273508 | 3381492 |
| ആകെ | 39651434 | 1175510 | 38475924 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിക്കുന്ന ആസ്തികൾ എന്നിവ കൂടി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. മിക്ക പ്രവൃത്തികളിലും നെയിം ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ നെയിം ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

6 എ. പ്രോജക്ടുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും,റോഡ് ഇന്റർ ലോക്കിങ്, ടാറിംങ് എന്നിവയ്ക്കാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്.ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിങ് പ്രവർത്തികൾ -ബാരൽ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല

അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല.
വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പടെ @272/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത് )

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | | |
|---|---|---|---|
| | ടാർ (Kg) | ബാരൽ | വില |
| 1)പ്രവർത്തി:241/20-തച്ചങ്ങാട് റോഡ് റീടാറിങ്<br>അടങ്കൽ :200000(പ്ലാൻ -ജനറൽ)<br>ചെലവ്: 193354/-<br>ബിൽ നം:2/19-20/9..5.19<br>എം ബുക്ക് :2/18-19 | RS1-166.50kg<br>SS1-0<br>VG30-1676kg<br>ആകെ | 0.91<br>0<br>10.74<br>11.65(12) | 12x272<br>=3264 |

| | | | |
|---|---|---|---|
| എഗ്രിമെൻറ്:32/AE/LSGD/NLY /28.10.18<br>കോൺട്രാക്ടർ :രവീന്ദ്രൻ | | | |
| 2)പ്രവർത്തി:250/20-വലിയ തൊടി റോഡ് ടാറിങ്<br>അടങ്കൽ :150000(പ്ലാൻ -ജനറൽ)<br>ചെലവ്: 145761/-<br>ബിൽ നം:1/19-20/9..5.19<br>എം ബുക്ക് :27/17-18<br>എഗ്രിമെൻറ് :13/AE/LSGD/NLY /21.8.18<br>കോൺട്രാക്ടർ :സൈനുദ്ധീൻ | RS1-73.590kg<br>SS1-227.46 Kg<br>VG30-564.00kg<br>ആകെ | 0.40<br>1.24<br>3.61<br>5.25 (6) | 6x272<br>=1632 |
| 3)പ്രവർത്തി:256/20-പൊമ്പിലായറോഡ് ടാറിങ്<br>അടങ്കൽ :300000(പ്ലാൻ -ജനറൽ)<br>ചെലവ്: 289827/-<br>ബിൽ നം:22/19-20/9.5.19<br>എം ബുക്ക് :61/17-18<br>എഗ്രിമെൻറ് :14/AE/LSGD/NLY /21.8.18<br>കോൺട്രാക്ടർ :സൈനുദ്ധീന് | RS1-81.194 Kg<br>SS1-250.96 Kg<br>VG30-622.97 Kg<br>ആകെ | 0.50<br>1.37<br>3.99<br>5.86 (6) | 6X272<br>=1632 |
| 4)പ്രവർത്തി:285/20-വായനശാലറോഡ് ടാറിങ്<br>അടങ്കൽ :200000(MGR)<br>ചെലവ്: 198363/-<br>ബിൽ നം:42/19-20/9.10.19<br>എം ബുക്ക് :67/18-19<br>എഗ്രിമെൻറ്:96/AE/18-19 /NLY/28.2.19<br>കോൺട്രാക്ടർ :അബ്ദുൾ ലത്തീഫ് | RS1-92.60 Kg<br>SS1-286.23Kg<br>VG30-710.52 Kg<br>ആകെ | 0.50<br>1.57<br>4.55<br>6.62 (7) | 7X272=<br>1904 |
| 5)പ്രവർത്തി:289/20-കണക്കപറമ്പ് റോഡ് ടാറിങ്<br>അടങ്കൽ :350000(MGR)<br>ചെലവ്: 311525/-<br>ബിൽ നം:43/19-20/9.10.19<br>എം ബുക്ക് :65/18-19<br>എഗ്രിമെൻറ്:72/AE/LSGD/NLY /21.1.19<br>കോൺട്രാക്ടർ :അബ്ദുൾ ലത്തീഫ് | RS1-213.24kg<br>SS1-212.46 Kg<br>VG30-1939.53 Kg<br>ആകെ | 1.17<br>1.16<br>12.43<br>14.76 (15) | 15X272 =<br>4080 |
| 6)പ്രവർത്തി:286/20-മല റോഡ് ടാറിങ് | RS1-143.96kg<br>SS1-444.97 Kg<br>VG30-1104.58 | 0.79<br>2.44 | 11X272 =<br>2992 |

| | | | |
|---|---|---|---|
| അടങ്കൽ:293000(MGR)<br>ചെലവ്: 284441/-<br>ബിൽ നം:44/19-20/9.10.19<br>എം ബുക്ക് :58/18-19<br>എഗ്രിമെൻറ്:42/AE/18-19<br>/NLY/23.10.18<br>കോൺട്രാക്ടർ :മുഹമ്മദ് അലി | Kg<br>ആകെ | 7.08<br>10.31 (11) | |
| 7)പ്രവർത്തി:278/20-കണ്ടംചിറ റോഡ് ടാറിങ്<br>അടങ്കൽ :300000(MGR)<br>ചെലവ്: 276120/-<br>ബിൽ നം:45/19-20/9.10.19<br>എം ബുക്ക് :66/18-19<br>എഗ്രിമെൻറ്:72/AE/18-19<br>/NLY/21.1.19<br>കോൺട്രാക്ടർ :മുഹമ്മദ് അലി | RS1-208.05kg<br>SS1-102.04 Kg<br>VG30-1976.56 Kg<br>ആകെ | 1.14<br>0.56<br>12.67<br>14.37<br>(15) | 15X272 =<br>4080 |
| 8)പ്രവർത്തി:272/20-പൊമ്പിലായ റോഡ് ടാറിങ്<br>അടങ്കൽ :300000(MGR)<br>ചെലവ്: 287805/-<br>ബിൽ നം:48/19-20/9.10.19<br>എം ബുക്ക് :72/18-19<br>എഗ്രിമെൻറ്:74/AE/LSGD/NLY<br>/21.1.19<br>കോൺട്രാക്ടർ :സൈതലവി .കെ | RS1-303.02kg<br>SS1-0 Kg<br>VG30-2348.10 Kg<br>ആകെ | 1.6<br>0<br>15.05<br>16.65<br>(17) | 17X272<br>=4624 |
| ആകെ | | | 24208 |

പഞ്ചായത്തിനുണ്ടായ നഷ്ടം 24208/- (19851 +4357 GST )ബന്ധപ്പെട്ട കോൺട്രാക്ടർ മാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം:5/19-20/7.4.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 4.4.2022 മുതൽ 12.4.2022 വരെ | അനുബന്ധം കാണുക |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രൊജ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | ക്കിന്റെ പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 0 | 1000000 |
| | 2019-20 | 863000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 863000 | 0 |
| | | 1400000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1400000 | 0 |
| | | 200000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 200000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 34018 | കൃഷി വികസനം | 34000 | 18 |
| | 2019-20 | 40416 | നെൽകൃഷി വികസനം (വിരിപ്പ്) | 40416 | 0 |
| | | 362881 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 111416 | 251465 |
| | | 200000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 87099 | 112901 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിര്വഹണ ഏജൻസി/ സെക്ഷൻ | റിമാർക്ക്സ് |
|---|---|---|---|---|---|
| KSEB | 326/20- വാലിപ്പറമ്പ് പനങ്കുറ്റി എസ്.സി കോളനിയിൽ സ്ട്രീറ്റ് മെയിൻ | 1.20/30-10-19 | 1.116749 | പേങ്ങാട്ടിരി സെക്ഷൻ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ | | | | |
| | 327/20- നായരുപറസ്ലീറ്റ് ന്പ് കോളനിയിൽ സ്ലീറ്റ് മെയിൻ വലിക്കലും ഇടവഴിയിലെ പോസ്റ്റ് മാറ്റലും. | 19/30-10-19 | 25584 | പേങ്ങാട്ടിരി സെക്ഷൻ | |
| കേരള വാട്ടർ അതോറിറ്റി | 164/20- കുടിവെള്ളപൈപ്പ് ലൈൻ (വാർഡ് 5,8,11,16) | 1.25/3.1.2020 2. 33/6.2.2020 | 175000 | KWA ,PH ഡിവിഷൻ , പട്ടാമ്പി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 193/20- പട്ടിണിപ്പാറ കുന്നശ്ശേരി കുടിവെള്ളം | 5186118/12.3.2020 | 100000 | KWA, PH ഡിവിഷൻ ഷൊർണ്ണൂർ | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 194/20, അമ്പലപറമ്പിൽ കോളനി പ്രദേശത്ത് കുടിവെള്ളം -വാർഡ് 15 | 37/18.3.20 | 50000 | KWA ,PH ഡിവിഷൻ, ഷൊർണ്ണൂർ | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 316/20 സമഗ്ര കുടിവെള്ള പദ്ധതി | 3.1.2020 | 50000 | KWA | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 331/20 പൊമ്പിലായ എസ്. സി. കോളനി കുടിവെള്ളപദ്ധതി ഡെപ്പോസിറ്റ് | 26/13.1.2020 | 250000 | KWA ,PH ഡിവിഷൻ,പട്ടാമ്പി | എഗ്രിമെന്റ് , പൂർത്തീകരണം സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5120000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | | വായ്പ തുക | വർഷാരം | തൻവർഷം | വർഷാ |
|---|---|---|---|---|---|

| ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 2018-19 വർഷം ലഭ്യമായത്-4280000<br>2019-20 വർഷം ലഭിച്ചത്-5120000<br>ആകെ -9400000 | 4280000 | 500000 | - | 8900000 |

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക പ്രകാരം 2019-20 വർഷം ഓഡിറ്റ് റിക്കവറി ഹെഡിൽ 1614/- രൂപയുടെ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമാണ് തുക അടവാക്കിയതെന്നുള്ള വിവരം ലഭ്യമല്ല. ലെഡ്ജർ പ്രകാരം വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| വിവരം ലഭ്യമായില്ല. | | 1614 | ശ്രീ. ദേവീദാസൻ | 119010103076/ 30.07.2019 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഒന്നുമില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88023565 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56436640 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24208 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 300000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(1) | | 19851 | ശ്രീമതി.ആയിഷാബി.കെ,അസി.എൻജിനിയർ-5520/ ശ്രീ.നിനാദ് .കെ.ആർ,അസി.എൻജിനിയർ-14331/- |
| ആകെ | | 19851 | |

(ബി-2). ഭാഗം-(1) ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |
| 1(24) | 10121 | ശ്രീമതി.ആയിഷാബി.കെ,അസി.എൻജിനിയർ |
| ആകെ | 10121 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1(23) | 300000 | ശ്രീമതി. ആയിഷാബി.കെ,അസി.എൻജിനിയർ |
| അകെ | 300000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 1-23 | 4357 | GST | കേന്ദ്ര സർക്കാർ | ശ്രീമതി.ആയിഷാബി.കെ ,അസി.എഞ്ചിനീയർ (994 ) ശ്രീ.നിനാദ് .കെ.ആർ , അസി.എഞ്ചിനീയർ(3363) |
| | 4357 | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആയിഷാബി ,അസി.എൻജിനിയർ | എംപ്ലോയ്മെന്റ് നിയമനം | House No:39/489 അഷി മൻസിൽ നൂറണി (Po) പാലക്കാട്-678004 |
| ശ്രീ.നിനാദ്.കെ.ആർ ,അസി.എൻജിനിയർ | എംപ്ലോയ്മെന്റ് നിയമനം | കോട്ടിക്കൽ (H). പുതുക്കാട്,(PO) തൃശ്ശൂർ ജില്ല. 680301 |
| ശ്രീമതി.ആയിഷ ബീ അസി.എൻജിനിയർ | എംപ്ലോയ്മെന്റ് നിയമനം | 39/489 "ആഷിമൻസിൽ" നൂറണി ,(പി.ഒ) പാലക്കാട്-678004 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF.P13.596/08/21-2-09 | 6 |
| 1999-00 | LF.P13.597/08/21-2-09 | 4 |
| 2000-01 | LF.P13.598/08/21-2-09 | 9 |
| 2001-02 | LF.P13.599/08/21-2-09 | 7 |
| 2002-03 | LF.P13.600/08/21-2-09 | 11 |
| 2003-04 | LF.P13.601/08/21-2-09 | 5 |
| 2004-05 | LF.P13.1003/09/5-12-09 | 7 |
| 2005-06 | LF.P13.695(2)/12/8-5-12 | 8 |
| 2006-07 | LF.P13.177/11/7-3-11 | 7 |
| 2007-08 | LF.P13.695(4)/12/16.3.12 | 6 |
| 2008-09<br>2009-10<br>2010-11 | LF.P16/952/13/7-4-14 | 13 |
| 2011-12 | LF.P16.1967/14/4-12-2014 | 6 |
| 2012-13<br>2013-14 | കെ.എസ്.എ-പികെഡി16/1403/2015/ 8.1.2016 | 9 |

| | | |
|---|---|---|
| 2014-15 | കെ എസ് എ -പി കെ ഡി16/1209 /16/28.07.2016 | 4 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി16/ 1880/16/7-1-17 | 5 |
| 2016-17 | നം.കെ.എസ്.എ- പി.കെ.ഡി.16-1323/17തീയതി. 11/09/2017 | 6 |
| 2017-18 | നമ്പർ കെ.എസ്.എ-പികെഡി- 16-1909/2018 തി.17.09.2018. | 7 |
| 2018-19 | നമ്പർ കെ.എസ്.എ-പികെഡി-16-1276/2019 തി.1.11.2019 | 3 |

തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

# വാർഷിക കണക്ക് സംക്ഷിപ്തം

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27415497.00 |
| Cash | Cash | RP-40(a) | 175010.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 767530.00 |
| 140000000 | Fees & User Charges | RP-4 | 563566.00 |
| 150000000 | Sale & Hire Charges | RP-5 | 79700.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43472151.00 |
| 171000000 | Interest Earned | RP-9 | 189872.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5199657.00 |
| 350000000 | Other Liabilities | RP-36 | 87412.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 42310.00 |
| 330000000 | Secured Loans | RP-32 | 5120000.00 |
| 340000000 | Deposits Received | RP-34 | 134464.00 |
| 350000000 | Other Liabilities | RP-36 | 259525.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4513871.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | Grand total | | 88023565.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3735344.00 |
| 220000000 | Administrative Expenses | RP-12 | 1768095.00 |
| 230000000 | Operations & Maintenance | RP-13 | 1008227.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4775857.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 24059594.00 |
| 252000000 | Decentralised Plan Programme- | RP-17 | 2100298.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | RP-18 | 667445.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 26880.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 38497942.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3970.00 |
| 312000000 | Reserves | B-3 | 36103095.00 |
| | Total Reserve & Surplus | | 74605007.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6079562.00 |
| | Total Grants, Contributions for Specific Purposes | | 6079562.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8900000.00 |
| | Total Loans | | 8900000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 327519.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1314917.25 |
| | Total Current Liabilities and Provisions | | 1642436.25 |
| | TOTAL LIABILITIES | | 91227006.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63449393.00 |
| 411000000 | Accumulated Depreciation | B-11 | -19075559.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 44373834.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4919770.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 8900000.00 |
| 450000000 | Cash and Bank Balance | B-17 | 31586925.00 |
| 460000000 | Loans, Advances and Deposits | B-18 | 1446477.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 46853172.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 91227006.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8524981.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 175804.00 |
| 140000000 | Fee & User Charges | I-4(b) | 612166.00 |
| 150000000 | Sale & Hire Charges | I-5(b) | 96820.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 94782411.00 |
| 171000000 | Interest Earned | I-8 | 189872.00 |
| 180000000 | Other Income | I-9 | 43750.00 |
| | Total Income | | 104425804.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8816343.00 |
| 220000000 | Administrative Expenses | I-11(b) | 1768095.00 |
| 230000000 | Operations & Maintenance | I-12(b) | 1008227.00 |
| 240000000 | Interest & Finance Charges | I-13 | 29231.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4776857.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36352891.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2100298.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 667445.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29537280.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 7249781.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 87.00 |
| 272000000 | Depreciation | I-17(a) | 6714429.00 |
| | Total Expenditure | | 99020964.00 |
| | Gross Surplus/ Deficit of income over Expenditure | | 5404840.00 |
| 280000000 | Prior Period Item | I-18 | -5984.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5410824.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ